**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 299** **12-10-2026-ൽ മറുപടിയ്ക്ക്**

**<u>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതിവിഹിതം അനുവദിക്കുന്നത്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വി. മുരളീധരൻ ശ്രീ. കെ. എം. ഷാജി
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

**(എ)** തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സംസ്ഥാന സർക്കാർ അനുവദിക്കേണ്ട പദ്ധതി വിഹിതം യഥാസമയം അനുവദിക്കാത്തതിനാൽ റോഡ് നിർമ്മാണം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ മുടങ്ങിക്കിടക്കുന്ന സ്ഥിതിവിശേഷം ഉണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇക്കാര്യത്തിൽ എന്ത് പരിഹാര നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ റോഡ് നിർമ്മാണം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ മുടങ്ങിക്കിടക്കുന്ന സ്ഥിതിവിശേഷം നിലവിലില്ല. റോഡ് നിർമ്മാണം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കായി 2026-27 സാമ്പത്തിക വർഷം മെയിന്റനൻസ് ഗ്രാന്റ് ഇനത്തിൽ 2 ഗഡു ഇതിനോടകം അനുവദിക്കുകയും, നിലവിൽ വാർഷിക പദ്ധതികൾ നിർവഹണ ഘട്ടത്തിലുമാണ്.

**(ബി)** കഴിഞ്ഞ 3 സാമ്പത്തിക വർഷങ്ങളിൽ പദ്ധതി വിഹിതമായി എത്ര തുകയാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചതെന്ന് വ്യക്തമാക്കാമോ; ഈ സാമ്പത്തിക വർഷം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതയിനത്തിൽ എത്ര തുകയാണ് ബഡ്ജറ്റിൽ നീക്കി വച്ചിട്ടുള്ളതെന്നും അതിൽ എത്ര തുക അനുവദിച്ചുവെന്നും വ്യക്തമാക്കാമോ?

**<u>മറുപടി:</u>** 2026-27 സാമ്പത്തിക വർഷത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതമായി ബജറ്റിൽ 8,655.45 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 3385.52 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

ഈ വർഷവും കഴിഞ്ഞ 3 സാമ്പത്തിക വർഷങ്ങളിലും പദ്ധതി വിഹിതമായി അനുവദിച്ച തുകയുടെ കണക്ക് ചുവടെ ചേർക്കുന്നു.

| വർഷം | ബജറ്റ് വിഹിതം (ലക്ഷത്തിൽ) | അനുവദിച്ച തുക (ലക്ഷത്തിൽ ) |
|---|---|---|
| 2023-24 | 746105.00 | 701549.47 |
| 2024-25 | 773572.00 | 814105.09 |

| | | |
|---|---|---|
| 2025-26 | 845291.00 | 613688.55 |
| 2026-27 | 865545.00 | 338552.22 |
| ആകെ | 3230513 | 2467895.33 |

**സെക്ഷൻ ഓഫീസർ**